പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## പ്രധാനമന്ത്രി ഗ്രാമീണ റോഡ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1509 — 04.12.2015 ൽ മറുപടി നൽകേണ്ടിയിരുന്നത്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.കെ.ബാലൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | പ്രധാനമന്ത്രി ഗ്രാമീണ റോഡ് പദ്ധതി (പി.എം.ജി.എസ്.വൈ) പ്രകാരം ഗ്രാമീണ റോഡ് വികസനത്തിനായി കഴിഞ്ഞ 5 വർഷങ്ങളിൽ എത്ര രൂപ കേന്ദ്രം അനുവദിച്ചു ; വർഷം തിരിച്ചുള്ള കണക്ക് വിശദമാക്കുമോ ; | (എ) | വർഷം / അനുവദിച്ച തുക (കോടി രൂപയിൽ):<br>2011-12 — 200.000<br>2012-13 — 0.000<br>2013-14 — 0.000<br>2014-15 — 150.000<br>2015-16 — 54.749<br>ആകെ — 404.749 |
| (ബി) | ഇതിൽ ഓരോ ജില്ലയ്ക്കും അനുവദിച്ച തുകയെത്രയായിരുന്നു; | (ബി) | അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ റോഡുകൾ തെരഞ്ഞെടുക്കുന്നതിന്റെയും തുക അനുവദിച്ചതിന്റെയും മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ ; | (സി) | പി.എം.ജി.എസ്.വൈ.-1 ൽ നിർമ്മിച്ച റോഡുകൾ ഉൾപ്പെടെ നിലവിൽ പുനരുദ്ധാരണം ആവശ്യമുള്ള ഗ്രാമീണ റോഡുകളെ കണ്ടെത്തി അത്തരം റോഡുകൾക്ക് മുൻഗണന നൽകുകയെന്ന ലക്ഷ്യത്തോടെയാണ് പി.എം.ജി.എസ്.വൈ.-II ആരംഭിച്ചിരിക്കുന്നത്. PMGSY പദ്ധതിയ്ക്ക് റോഡുകൾ തിരഞ്ഞെടുക്കുന്ന അടിസ്ഥാന രേഖയായ ഡിസ്ട്രിക്ട് റൂറൽ റോഡ് പ്ലാൻ (DRRP) നവീകരിയ്ക്കുന്നതിലേയ്ക്കുവേണ്ടി പി.എം.ജി.എസ്.വൈ., ആർ.ഐ.ഡി.എഫ്. എന്നിവയിൽ നിർമ്മിച്ച റോഡുകളും ഉൾപ്പെടുത്തി ജി.ഐ.എസ്സ്. പ്ലാറ്റ് ഫോമിൽ ഡിസ്ട്രിക്ട് റൂറൽ റോഡ് പ്ലാൻ (DRRP) തയ്യാറാക്കുന്നു. പ്രധാന ഗ്രാമീണ റോഡുകളും ലിങ്ക് റോഡുകളും ഉൾപ്പെടെ ഒരു ജില്ലയിലെ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള എല്ലാ |

| | | | |
|---|---|---|---|
| | | | റോഡു ശൃംഖലകളും ചേർന്നതാണ് DRRP. 2011 ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യയുടെയും ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളായ വിദ്യാഭ്യാസം, ചികിത്സാ സൗകര്യങ്ങൾ, ഗതാഗത വാർത്താ വിനിമയ സൗകര്യങ്ങൾ, മാർക്കറ്റുകൾ, എന്നിവയുടെ ലഭ്യതയും സർക്കാർ സേവനങ്ങളുടെ ലഭ്യതയും അടിസ്ഥാനമാക്കി റോഡുകളുടെ മുൻഗണന കണക്കാക്കുന്നു. ഇതിലേയ്ക്കായി എല്ലാ വർഷവും കേന്ദ്ര ഗ്രാമവികസന വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് എല്ലാ ഗ്രാമീണ റോഡുകളുടെയും അവസ്ഥ (പി.സി.ഐ.) പരിശോധിച്ച് മുൻഗണനാ പട്ടിക തയ്യാറാക്കേണ്ടതുണ്ട്. ഇതിൽ നിന്നും ഫണ്ടിന്റെ ലഭ്യതയും എം.പി.മാർ, എം.എൽ.എ. മാർ എന്നിവരുടെ നിർദ്ദേശങ്ങളും പരിഗണിച്ച് ജില്ലാതല ഗ്രാമീണ റോഡ് പ്ലാനിൽ നിന്നും 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ ഏറ്റെടുക്കാവുന്നതാണ്. |
| (ഡി) | ഇതിൻ പ്രകാരം പാലക്കാട് ജില്ലയിൽ കഴിഞ്ഞ 5 വർഷങ്ങളിൽ അനുവദിച്ച റോഡുകളുടെ പേരും തുകയും വർഷം, നിയമസഭാ മണ്ഡലം, പഞ്ചായത്ത് എന്നിവ തിരിച്ച് വ്യക്തമാക്കുമോ? | (ഡി) | അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്